**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4582** **01-07-2024 - ൽ മറുപടിയ്ക്ക്**

**കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | കാസർഗോഡ് കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ് സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | **കാസർഗോഡ് കാറഡുക്ക അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ സൊസൈറ്റിയിലെ വായ്പ തട്ടിപ്പ് സംബന്ധിച്ച് സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള വിശദമായ അന്വേഷണം നടന്നു വരികയാണ്.** |
| (ബി) | തട്ടിപ്പ് കണ്ടെത്തിയതിനെത്തുടർന്ന് നിർബന്ധിത അവധിയിലായിരുന്ന സൊസൈറ്റി സെക്രട്ടറി അവധിയിലായിരുന്ന സമയം സൊസൈറ്റിയുടെ ലോക്കർ തുറന്ന് സ്വർണ്ണാഭരണങ്ങൾ കവർന്ന് വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി വായ്പ എടുത്തതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം നഷ്ടപ്പെട്ട സ്വർണ്ണാഭരണങ്ങളുടെ മൂല്യം എത്രയെന്നും; ഇത് തിരിച്ചെടുക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ? | (ബി) | സംഘം സെക്രട്ടറി അവധിയിലായിരുന്ന സമയം സൊസൈറ്റിയുടെ ലോക്കർ തുറന്ന് സ്വർണ്ണാഭരണങ്ങൾ കവർന്ന് വിവിധ ബാങ്കുകളിൽ പണയപ്പെടുത്തി വായ്പ എടുത്തതായി കണ്ടെത്തിയിട്ടുണ്ട്. ഇപ്രകാരം നഷ്ടപ്പെട്ട സ്വർണ്ണാഭരണങ്ങളുടെ മൂല്യം കണ്ടെത്തുന്നതിന് സംഘത്തിൽ കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടന്നു വരികയാണ്. കൂടാതെ, ഇത് സംബന്ധിച്ച് ക്രിമിനൽ കേസ് രജിസ്റ്റർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണവും നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ